# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

വനഭൂമി കയ്യേറ്റം

186 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമി എത്രയെന്നാണ് തിട്ടപ്പെടുത്തിയിട്ടുളളത്;

(ബി) വനം വകുപ്പിന്റെ അധീനതയിലുളള എത്ര ഹെക്ടർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്ര ഹെക്ടർ വനം ഒഴിപ്പിച്ചെടുത്തു;

(ഡി) കയ്യേറ്റവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; ഇത്തരം കേസ്സുകളിൽ യഥാസമയം ഹാജരാകുന്നതിൽ വനം വകുപ്പധികൃതരിൽ നിന്നും വീഴ്ചയുണ്ടായിട്ടുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വനം കൈയ്യേറ്റം</u>

187 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിന്റെ അധീനതയിലുള്ള എത്ര മാത്രം ഭൂമി, വ്യക്തികളും സ്ഥാപനങ്ങളും അനധികൃതമായി കൈവശപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; ഇത്തരത്തിലുള്ള ഓരോ വനഭൂമിയും ഏത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലാണെന്നുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) അനധികൃതമായി വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുവാൻ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഇത്തരം കേസ്സുകളിൽ സർക്കാരിനുവേണ്ടി ബഹു. കോടതികളിൽ ഹാജരാകുന്ന അഭിഭാഷകർ മന:പൂർവ്വം കേസ്സുകൾ തോൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അങ്ങനെ കേസ്സുകൾ മന:പൂർവ്വം തോറ്റ സംഭവങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) അങ്ങനെ കേസ്സ് മന:പൂർവ്വം തോറ്റിട്ടും ഇപ്പോഴും സർക്കാരിനുവേണ്ടി വാദിക്കുവാനുള്ള അഭിഭാഷകരായി തുടരുന്നവരെ നീക്കം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി</u>

188

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ എത്ര ഹെക്ടർ ഭൂമി വിവിധ സ്ഥാപനങ്ങളോ വ്യക്തികളോ പാട്ടവ്യവസ്ഥയിൽ കൈവശം വച്ചിട്ടുണ്ടെന്ന് ഹെക്ടർ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ പാട്ടക്കാലാവധി കഴിഞ്ഞവരുടേയും പാട്ടവ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയവരുടേയും പേരുകളും അവർ കൈവശം വച്ചിട്ടുള്ള ഭൂമി എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഇത്തരം ഭൂമി തിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞതോ, പാട്ടക്കരാർ ലംഘിച്ചതോ ആയ എത്ര ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വനഭൂമി പ്രശ്നം</u>

189 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്ലിയാമ്പതി വനഭൂമി പ്രശ്നത്തില്‍ ഗവ.ചീഫ് വിപ്പ് ശ്രീ. പി. സി. ജോര്‍ജ്ജ്, മുഖ്യമന്ത്രി, വനംവകുപ്പ് മന്ത്രി, റവന്യൂവകുപ്പ് മന്ത്രി, ആഭ്യന്തരവകുപ്പ് മന്ത്രി എന്നിവര്‍ക്ക് നല്കിയ നിവേദനങ്ങളുടെയും കത്തുകളുടെയും പകര്‍പ്പുകള്‍ ലഭ്യമാക്കുമോ;

(ബി) വനംവകുപ്പിന്റെ പരിഗണനയ്ക്ക് ഇവ ഓരോന്നും വന്നത് ഏത് തീയതിയിലാണ്; വനംവകുപ്പ് ഇതിന്മേല്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ വനവത്ക്കരണ പദ്ധതി</u>

190 ശ്രീ. പാലോട് രവി

" എം. എ. വാഹീദ്

" പി. സി. വിഷ്ണുനാഥ്

" കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വനവത്ക്കരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതി വഴി നൽകുന്നത്?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വയനാട്ടിലെ കടുവ ശല്യം</u>

191 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വനപ്രദേശം കടുവാ സങ്കേതമാക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ;

(ബി) കാട്ടിൽ നിന്നും നാട്ടിലിറങ്ങിയ കടുവയെ പിടികൂടി വീണ്ടും കാട്ടിൽ വിടുകയും, വീണ്ടും കടുവ നാട്ടിലിറങ്ങി നിരന്തരം വളർത്തു മൃഗങ്ങളെ വ്യാപകമായി കൊന്നൊടുക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ശാശ്വതമായ പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിച്ചു;

(സി) കേന്ദ്ര സർക്കാർ വയനാട് ജില്ലയെ കടുവാ സങ്കേതമാക്കുന്നതിന് ഉദ്ദേശിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) വിവരാവകാശ നിയമ പ്രകാരം വനം വകുപ്പ് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഇവിടം കടുവാ സങ്കേതമാക്കാൻ ഉദ്ദേശിക്കുന്നതായി മറുപടി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കടുവയുടെ ശല്യം മൂലം ജനങ്ങളുടെ സ്വൈര ജീവിതം തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുക്കൽ

192 ശ്രീ. ബാബു. എം.പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റ് വന ഭൂമിയാണോ റവന്യു ഭുമിയാണോ; വ്യക്തമാക്കുമോ;

(ബി) വനം വകുപ്പ് വനഭൂമി എന്ന നിലയിൽ, പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുക്കുന്നത് എപ്പോഴാണ്; ഏറ്റെടുത്ത് കൊണ്ടുളള ഉത്തരവ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത എസ്റ്റേറ്റ് പാട്ടത്തിന് നൽകിയത് ആരായിരുന്നു: ആർക്കായിരുന്നു നൽകിയിരുന്നത് പാട്ടക്കാലാവധി കഴിഞ്ഞത് ഏത് തീയതിയിലായിരുന്നു; എസ്റ്റേറ്റ് വന ഭൂമിയായി മാറുന്നത് ഏത് ഘട്ടത്തിലായിരുന്നു;

(ഡി) വനഭൂമി സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കേ ഗവ.ചീഫ് വിപ്പ്, പ്രസ്തുത എസ്റ്റേറ്റ് റവന്യു ഭൂമിയാണെന്ന നിലയിൽ നിലപാട് സ്വീകരിക്കുകയും അതിനനുസരിച്ച് 27–07–2012–ൽ മാതൃഭൂമി ദിനപത്രത്തിൽ ലേഖനം എഴുതുകയും ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എസ്റ്റേറ്റ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട കോടതിയിലെ കേസിൽ സർക്കാർ വാദംദുർബ്ബലമാക്കാൻ ഗവ. ചീഫ് വിപ്പിന്റെ ലേഖനം കാരണമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ഇ. എഫ് എൽ നിയമത്തിൽ ഭേദഗതി</u>

193 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബല നിയമത്തിൽ (ഇ. എഫ്.എൽ) മാറ്റം വരുത്തുന്നത് സംബന്ധിച്ച് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് വനം വകുപ്പ് മന്ത്രി മുഖ്യമന്ത്രിയ്ക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇ. എഫ്.എൽ. നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) 2011 നവമ്പറിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികയോഗത്തിൽ ഇ.എഫ്.എൽ നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ കൊണ്ടുവരണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും വന്യജീവി സംരക്ഷണവും</u>

194 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വന്യജീവികളുടെ ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്ന തരത്തിലുള്ള മനുഷ്യരുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മുൻ വർഷത്തെക്കാൾ കൂടുതൽ വന്യ മൃഗത്തിന്റെ ആക്രമണങ്ങൾ നടപ്പുവർഷത്തിൽ ഉണ്ടാകുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വനഭൂമിയുടെ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട ലേഖനം</u>

195 ശ്രീ. എ.കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി വനഭൂമിയുടെ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട് ഗവ. ചീഫ് വിപ്പ് മാതൃഭൂമി ദിനപത്രത്തിൽ 2012 ജൂലൈ 27ന് എഴുതിയ ലേഖനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീ. പി. സി ജോർജ്ജ്, ഗവ. ചീഫ്വിപ്പിന്റെ ഔദ്യോഗിക പേര് ഉപയോഗിച്ച് എഴുതിയ ലേഖനത്തിലെ നിലപാടിനോട് വനം വകുപ്പ് യോജിക്കുന്നുണ്ടോ;

(സി) വനംവകുപ്പ് നെല്ലിയാമ്പതി ഭൂമി പ്രശ്നത്തിൽ കോടതിയിൽ സ്വീകരിച്ച നിലപാടിന് വിരുദ്ധമായതാണോ ഗവ ചീഫ് വിപ്പിന്റെ ലേഖനത്തിലെ നിലപാട്?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മാവൂർ പ്രദേശം പക്ഷി സങ്കേതമാക്കാൻ നടപടി</u>

196 ശ്രീ. പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ പ്രദേശം ഒരു വെറ്റ് ലാന്റായി മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടം ഒരു കമ്മ്യൂണിറ്റി റിസർവ്വായി മാറ്റി പക്ഷി സങ്കേതം ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ജാനകിക്കാട് ഇക്കോ ടൂറിസം</u>

197 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ജാനകിക്കാട് ഇക്കോ ടൂറിസം ആരംഭിച്ചത് എന്നാണ്;

(ബി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(സി) പദ്ധതിയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ</u>

198 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കുടിശ്ശിക അടച്ചുതീർക്കാത്ത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പാട്ടക്കാലാവധികഴിഞ്ഞ ഭൂമി ഒഴിപ്പിക്കൽ നടപടി</u>

199 ശ്രീ. സി. ദിവാകരൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ് പാട്ടം പുതുക്കാതെ വന്ന എത്ര പേരിൽ നിന്നും ഭൂമി ഒഴിപ്പിച്ചു;

(ബി) ഇത്തരം ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മണൽസംഭരണത്തിനുള്ള പാസ്സിന്റെ ദുരുപയോഗം</u>

200 ശ്രീ.എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾക്ക് ഗൃഹനിർമ്മാണത്തിന് മണൽ സംഭരിക്കുന്നതിന് വനംവകുപ്പ് പാസ് കൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം മണൽ വിതരണം ചെയ്യുന്ന കടവുകളുടെ പേര് ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(സി) ഒരു വ്യക്തിക്ക് ലഭിക്കുന്ന മണലിന്റെ അളവ്, വില, അപേക്ഷാ രീതി എന്നിവ വെളിപ്പെടുത്തുമോ;

(ഡി) ഈ സംവിധാനം മണൽ മാഫിയ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാർത്ഥ ആവശ്യക്കാരന് മാത്രം മണൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം ഈ പദ്ധതിയിലൂടെ എത്ര രൂപാ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

കാവുകളുടെ പരിസ്ഥിതി പ്രാധാന്യം

201 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കാവുകൾ ഉണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള പേര് വിവരം നൽകാമോ;

(ബി) കാവുകളുടെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് ഇവ സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാവുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിവരിക്കാമോ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വനം-വന്യ ജീവി സംരക്ഷണ നിയമം</u>

202 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണനിയമപ്രകാരം വന്യമൃഗങ്ങളുടെ തോൽ കൈവശം വയ്ക്കുന്നത് ഏതു വകുപ്പു പ്രകാരം കുറ്റകരമാണ് ;

(ബി) പ്രസ്തുത നിയമം ലംഘിച്ച് വന്യമൃഗങ്ങളുടെ തോൽ കൈവശം വയ്ക്കുന്നവർക്കെതിരെ എന്തു ശിക്ഷാ നടപടി സ്വീകരിക്കുമെന്നാണ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത് ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിലെ കാവുകളുടെ സംരക്ഷണം</u>

203 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തെ കാവു സംരക്ഷണ മണ്ഡലമാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി ഏത് വരെയായി എന്നു വിശദമാക്കാമോ;

(ബി) എന്നത്തേയ്ക്ക് തവനൂർ മണ്ഡലത്തെ സമ്പൂർണ്ണ കാവ് സംരക്ഷണമണ്ഡലമാക്കി പ്രഖ്യാപിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സൈലന്റ് വാലി മിനറൽ വാട്ടർ പ്ലാന്റ്</u>

204 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൈലന്റ് വാലി മേഖലയിൽ മിനറൽ വാട്ടർ പ്ലാന്റ് സ്ഥാപിക്കാനായി അപേക്ഷിച്ചവർ ആരൊക്കെയാണെന്നും ആർക്കൊക്കെ ലൈസൻസ് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ശബരിജലം</u>

205 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിജലം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര ലക്ഷം ലിറ്റർ ശുദ്ധജലം വിപണിയിലെത്തിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## 'എന്റെ മരം' പദ്ധതി

206 ശ്രീ. വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എന്റെ മരം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കുന്നത് ;

(സി) ഈ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് എത്ര വൃക്ഷ തൈകൾ വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) എല്ലാ സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി</u>

207 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം ജനങ്ങളുടെ ജീവനും സ്വത്തിനുമുണ്ടാകുന്ന നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായി കാണപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ഭയം ദൂരീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഔഷധ സസ്യകൃഷിക്ക് പുതിയ പദ്ധതികൾ</u>

208 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ, പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട, കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്ന 'സഞ്ജീവനി' ഔഷധ സസ്യതോട്ടത്തിന്റെ നിലവിലെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔഷധ സസ്യകൃഷിക്ക് വലിയ ജൈവസാങ്കേതിക സാധ്യതകൾ ഉള്ള പ്രസ്തുത മേഖലയിൽ ഇവയുടെ കൃഷിയും വ്യാപനവും വികസിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

പത്മ എസ്റ്റേറ്റിലെ അനധികൃത മരം മുറിയ്ക്കൽ

209 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനങ്ങാടി പഞ്ചായത്തിൽ പുറക്കാടി വില്ലേജിലെ പത്മ എസ്റ്റേറ്റിൽ അനധികൃതമായി വീട്ടി ഉൾപ്പടെയുള്ള മരങ്ങൾ മുറിച്ച് മാറ്റാൻ ശ്രമിച്ചത് വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനുമതി ഇല്ലാതെ മരം മുറിക്കാൻ അനുവാദം നല്കിയ തോട്ടം ഉടമയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) തോട്ടത്തിൽ നിന്നും എത്ര മരങ്ങൾ മുറിച്ച് കടത്തിയിട്ടുണ്ട് ; മുറിച്ചിട്ട മരങ്ങളിൽ അവശേഷിക്കുന്നവ ആരുടെ കസ്റ്റഡിയിലാണ് സൂക്ഷിച്ചിരിക്കുന്നത് ; അവശേഷിക്കുന്ന മരങ്ങൾ എത്ര ;

(ഡി) പ്രസ്തുത എസ്റ്റേറ്റിന്റെ ഉടമ ആരാണ് ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ആന ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ</u>

210 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആന ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആർക്കെതിരെയാണ് കേസ് എടുക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവങ്ങളിൽ അപകടമോ നാശനഷ്ടമോ സംഭവിക്കുന്നവർക്ക് യഥാസമയം നഷ്ട പരിഹാര തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

പാമ്പ്കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം

211 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പ്കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം ലഭിക്കുന്നതിനുവേണ്ടി കുട്ടനാട്ടിൽ നിന്ന് സമർപ്പിച്ചിരിക്കുന്ന ഏതെല്ലാം അപേക്ഷകളിൽമേലാണ് നടപടികൾ സ്വീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) കാട്ടിൽ വച്ച് പാമ്പ്കടിയേറ്റ് മരണമടയുന്നവരുടെ ആശ്രീതർക്കുള്ള മൂന്ന് ലക്ഷം രൂപയുടെ ധനസഹായം നാട്ടിൽ വച്ച് പാമ്പ്കടിയേറ്റ് മരണമടയുന്നവരുടെ ആശ്രിതർക്കും അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

അങ്കമാലി നിയോജക മണ്ഡലത്തിലെ ആനശല്യം

212 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യംമ്പുഴ, മുക്കന്നൂർ ഗ്രാമ പഞ്ചായത്തുകളിലെ ചുള്ളി, പോർക്കുന്നുപാറ, വെള്ളപ്പാറ, കട്ടിംങ് തുടങ്ങിയ പ്രദേശങ്ങളിൽ ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്ന ആനശല്യം പരിഹരിക്കുന്നതിനായി അതിരപ്പിള്ളി റേഞ്ചിൽ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള വെള്ളപ്പാറ-ഏഴാറ്റുമുഖം-തുമ്പൂർമുഴി ഭാഗത്ത് 3 കിലോമീറ്ററും പോർക്കുന്നുപാറ-കുളിതൻതോട് ഭാഗത്ത് 3 കിലോമീറ്ററും വീതം ദൂരത്ത് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**10.12.2012–ലെ മറുപടിക്ക്**

വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

213 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസികൾക്ക് വാച്ചുമരം കോളനിയ്ക്കടുത്തായ വനഭൂമി, കൃഷിയ്ക്കും വീട് വയ്ക്കുന്നതിനുമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ്</u>

214 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തുവാൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുള്ളത്;

(ബി) എന്നാണ് ദേശീയ ഗെയിംസ് തുടങ്ങുന്നത്;

(സി) ഗെയിംസ് നടത്തുന്ന വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട്;

(ഡി) പൂർത്തിയാക്കുന്ന വേദികളുടെ നിർമ്മാണ പ്രവൃത്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ശ്രീപാദം സ്റ്റേഡിയത്തിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

215 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതു വരെ എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്;

(ബി) ശ്രീപാദം സ്റ്റേഡിയത്തെ നാഷണൽ ഗെയിംസിന്റെ മത്സര വേദികളുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നാഷണൽ ഗെയിംസിന്റെ മത്സരവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതൊക്കെ കായിക ഇനങ്ങളാണ് ഇവിടെ നടത്തുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## കായികരംഗത്തെ മികവിന് പ്രോത്സാഹനം

216 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ദേശീയ കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ എത്തുന്ന സ്കൂളുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങൾ ആണ് സർക്കാർ നല്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന - ദേശീയ കായിക മേളകളിൽ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളുകൾക്ക് നല്ല ഹോസ്റ്റലും ആധുനിക പരിശീലന സംവിധാനങ്ങളും നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യക്തിഗത മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങളും സൗകര്യങ്ങളും നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കളിസ്ഥല നവീകരണ വികസനം</u>

217 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കളിസ്ഥല നവീകരണ വികസന പദ്ധതിയിൽപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം സ്കൂളുകളിലെ കളിസ്ഥലങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിന് തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) തകഴി ഗ്രാമപഞ്ചായത്തിലെ കരുമാടി ഗവൺമെന്റ് ഹൈസ്കൂളിലെ കളിസ്ഥല പുനരുദ്ധാരണത്തിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം</u>

218

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ജിനചന്ദ്ര സ്റ്റേഡിയത്തിനു അനുവദിച്ച തുക</u>

219 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൽപ്പറ്റ ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഈ സാമ്പത്തിക വർഷം എന്ത് തുക അനുവദിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ചലച്ചിത്ര നടൻ തിലകന് സ്മാരകം</u>

220 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്തരിച്ച പ്രമുഖ ചലച്ചിത്ര നടൻ തിലകന് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്ത് ഫിലിം സിറ്റി</u>

221 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഒറ്റപ്പാലം ഫിലിംസിറ്റിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് പ്രസ്തുത പ്രോജക്ടിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്: വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴയിലെ സിനിമാ തിയേറ്റർ കോംപ്ലക്സ്</u>

222 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ സിനിമാ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണോത്ഘാടനം എന്ന് നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ കോംപ്ലക്സിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ ; ഇല്ലെങ്കിൽ തടസ്സം എന്താണ് ; നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മൂവിംഗ് തീയറ്ററുകൾ</u>

223 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂവിംഗ് തീയറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയൊക്കെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇവിടെ ക്ലാസിക് സിനിമകൾ പ്രദർശിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?